ശ്രീ. ഇ. അഹമ്മദ് : ഇങ്ങനെയുള്ള ഒരു ആക്ഷേപം കണ്ടതിനെത്തുടർന്ന് കൈത്തറി വികസന കോർപ്പറേഷന്റെ ബോർഡ്തന്നെ ആവശ്യമായ നടപടി എടുത്തിട്ടുണ്ട്. അവരുടെ നടപടികളിൽ എന്തെങ്കിലും പോരായ്മകൾ കാണുകയാണെങ്കിൽ ഗവൺമെന്റ് തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. വിജയദാസ് : വ്യവസായ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുടെ ശുപാർശ അനുസരിച്ച് നബാർഡിൽനിന്നും സംഘങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വായ്പയിൽ കോടിക്കണക്കിന് രൂപ ഈ വർഷം നഷ്ടമാകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നതു മൂലം കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുന്ന വിഷമതകൾ അപ്പപ്പോൾ പരിഹരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരാറുണ്ട്.

പ്രാഥമിക സംഘങ്ങൾക്ക് തൊണ്ടു ലഭിക്കുന്നില്ലെന്ന പരാതി

* 154. [157] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, എം. കെ. കേശവൻ :
,, കാനം രാജേന്ദ്രൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പച്ചത്തൊണ്ട് നിയന്ത്രണ ചട്ടം പിൻവലിക്കുകയും തൊണ്ടിന് ലെവി സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തതുമൂലം പ്രാഥമിക സംഘങ്ങൾക്ക് ന്യായവിലയ്ക്ക് തൊണ്ടു ലഭിക്കുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു ;

(സി) ലെവി സമ്പ്രദായം ഏർപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ, ബി) ലെവി സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം പ്രാഥമിക സംഘങ്ങൾക്ക് തൊണ്ടു ലഭിക്കുന്നില്ല എന്ന പരാതി ചില സംഘങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ട്. പുതിയതായി നിലവിൽവന്ന നിയമമായതിനാൽ തൊണ്ട് അഴുക്കുന്നവരെ മുഴുവൻ നിയമത്തിന്റെ പരിധിയിൽകൊണ്ടുവരുവാനും അവരിൽനിന്നും സ്റ്റോക്ക് സ്റ്റേറ്റ്മെന്റുവാങ്ങി ലെവി തിട്ടപ്പെടുത്തി നോട്ടീസ് കൊടുത്തു ലെവി ആവശ്യപ്പെടാനും കുറച്ചുസമയം വേണ്ടിവരും. മാത്രവുമല്ല ഇപ്പോൾ നിലവിലുള്ള സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ ലെവി എടുത്തശേഷം മൂന്നുമാസത്തിലൊരിക്കലായി ലെവിയെടുപ്പു നടത്തേണ്ടിവരും. ഇതിനുപുറമേ ലെവിസമ്പ്രദായത്തിന് എതിരായും 1-9-1986-ൽ സ്റ്റോക്കുണ്ടായിരുന്ന അഴുക്കൽത്തൊണ്ടിന്റെ 30 ശതമാനം ലെവിയായി എടുക്കുന്നതിന് എതിരായും ചിറയിൻകീഴ് പ്രോജക്ടിന്റെ പരിധിയിലുള്ള ഒരു അസോസിയേഷനും ചില വ്യക്തികളും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസ് വിധിയാകുന്നതുവരെ 1-9-1986-ൽ നിലവിലുള്ള സ്റ്റോക്കിന്റെ 15 ശതമാനം ലെവിയായി

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ നിർദ്ദേശിച്ചുകൊണ്ടും ബാക്കി 15 ശതമാനത്തിന് സ്റ്റേ നൽകിക്കൊണ്ടും ഹൈക്കോടതി വിധിയായിട്ടുണ്ട്. താമസിയാതെ വളരെയധികം തൊണ്ട് ലെവിയായി ശേഖരിക്കാനും സംഘങ്ങൾക്ക് കൊടുക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവിൻപ്രകാരം സംസ്ഥാനഗവൺമെന്റിൽ നിക്ഷിപ്തമായ അധികാരത്തിലൂടെ "1986-ലെ Kerala Coconut Husk (Procurement of levy) Order 1-9 1986 മുതൽ പ്രാബല്യത്തിൽ വന്നതോടെ '1973-ലെ കേരള തൊണ്ടുനിയന്ത്രണ ഉത്തരവ്'' അസാധുവായിത്തീർന്നു. ബന്ധപ്പെട്ട ഗവൺമെന്റുത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുന്നതാണ്. †

ശ്രീ. എം. കെ. കേശവൻ : പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ആവശ്യമുള്ള തൊണ്ട് ഈ ലെവിസമ്പ്രദായം ഫ്ലർപ്പെടുത്തിയതുമൂലം ലഭിക്കുന്നില്ലെന്ന പരാതി കിട്ടിയിട്ടുണ്ട് എന്നു പറഞ്ഞു. ലെവി സമ്പ്രദായം 1-9-1986 മുതൽ നടപ്പിലാക്കിയതിനുശേഷം ആ കാലയളവിൽ അതിനുമുമ്പു കിട്ടിക്കൊണ്ടിരുന്നതിനേക്കാൾ 10 ശതമാനംപോലും തൊണ്ടു കിട്ടുന്നില്ല എന്ന വസ്തുത ഗവൺമെന്റിന് അറിയാമോ ? അതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ലെവി സമ്പ്രദായംമൂലം തൊണ്ടു സംഭരിച്ച മൂന്നു മാസം ഈ നവംബർ 30-ന് തീരുകയാണ്. നവംബർ 30-ന് ശേഷംമാത്രമേ കഴിഞ്ഞ പ്രാവശ്യവും ഇപ്രാവശ്യവും എത്രയാണെന്ന് താരതമ്യപ്പെടുത്താൻ സാധിക്കുകയുള്ളു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത് വിജയകരമായി കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. കെ. കേശവൻ : ഈ ലെവി സമ്പ്രദായം ഒരു പരാജയമാണെന്നും അതുകൊണ്ട് ഇത് ഗവൺമെന്റ് പിൻവലിക്കാൻ പോകുന്നുവെന്നും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ചെയ്ത പ്രസ്താവന അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?, ആ വസ്തുത മനസ്സിലാക്കിക്കൊണ്ട് പരാജയപ്പെട്ട ഒരു നടപടിയെന്ന നിലയ്ക്ക് ഈ ലെവി സമ്പ്രദായം അവസാനിപ്പിച്ച് പഴയ തൊണ്ട് നിയന്ത്രണ ചട്ടം പ്രാബല്യത്തിൽ വരുത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ആരംഭിക്കുന്നതിനുമുമ്പുതന്നെ പരാജയപ്പെട്ടു എന്ന് പറയാൻ ഇടയില്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അങ്ങനെ ഒരിക്കലും പറഞ്ഞിരിക്കാൻ ഇടയില്ല.

ശ്രീ. കെ. മൂസ്സക്കുട്ടി : ലെവി സമ്പ്രദായംകൊണ്ട് സഹകരണ സംഘങ്ങൾക്ക് എന്ത് മെച്ചമാണ് നൽകാൻ ഉദ്ദേശിക്കുന്നത്, യഥാർത്ഥത്തിൽ സ്വകാര്യമേഖലയിലുള്ള ആളുകളെ പ്രോൽസാഹിപ്പിക്കാൻ കൂടിയല്ലേ ഇത് കൂടുതൽ സഹായകരമാകുന്നത് ? പ്രാഥമിക സംഘങ്ങളെ എങ്ങനെയാണ് ഇതുകൊണ്ട് സഹായിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. ഇ. അഹമ്മദ് : ഈ സമ്പ്രദായം സഹകരണ സംഘങ്ങളെ സഹായിക്കാൻകൂടിയാണ് ഉള്ളതു കാരണം 30 ശതമാനം ലെവി നടപ്പിലാക്കണമെങ്കിൽ ഇന്നു കിട്ടുന്നതിനേക്കാൾ ഉപരി കിട്ടുമെന്ന് ഗവൺമെന്റിന് 1980 മുതലേ ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ട് ഇത് തികച്ചും വിജയകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ : തൊണ്ടുനിയന്ത്രണ ഉത്തരവ് പിൻവലിച്ചതിനെ തുടർന്ന് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വേണ്ടത്ര പ്രയോജനകരമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അങ്ങനെ പ്രയോജനകരമായതിന്റെ പൂർണ്ണമായ ചിത്രം അദ്ദേഹത്തിന്റെ മുമ്പിൽ ഇല്ലെന്നും പറഞ്ഞു. ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന ലെവി സമ്പ്രദായം മുമ്പ് കേരളത്തിൽ നിലവിലിരുന്നതാണ്. നിലവിലിരുന്ന സമ്പ്രദായം പൂർണ്ണമായ പരാജയമായിരുന്നു. അത് കുത്തക മുതലാളിമാരെ സഹായിക്കുവാനുള്ള നടപടിയായിരുന്നു. അതിന്റെ ഫലമായിട്ടാണ് തൊണ്ട് നിയന്ത്രണ ഉത്തരവ് ഏർപ്പെടുത്തിയത്. എന്നിട്ടുപോലും കേരളത്തിലെ സഹകരണ മേഖലയ്ക്ക് ആവശ്യമായ തൊണ്ട് ലഭ്യമായിരുന്നില്ല. ഇപ്പോൾ അഴുക്കിയ തൊണ്ടെടുത്ത് കൊടുത്ത് ശരിയാക്കുകയെന്നു പറയുന്നത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കലാണ്. അതുകൊണ്ട് അത് പുനഃപരിശോധിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : ലെവി സമ്പ്രദായം ഒരു പരീക്ഷണമെന്നുള്ള നിലയിൽ പരിശോധിക്കുവാൻ തയ്യാറാണെന്ന് 1980-ൽ തന്നെ അന്നത്തെ സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിരുന്നു. ഈ ഗവൺമെന്റ് പറഞ്ഞതും അതുതന്നെയാണ്: ലെവി സമ്പ്രദായം ഒരു പരീക്ഷണമെന്നുള്ള നിലയ്ക്ക് നോക്കാമെന്നാണ് പറഞ്ഞത്. ഇന്ന് നിലവിലുള്ള ലെവി സമ്പ്രദായം പ്രകാരം വേണ്ടത്ര തൊണ്ട് സംഭരിക്കാൻ സാധിക്കില്ലെന്ന് ഗവൺമെന്റിന് ബോധ്യമുള്ളതുകൊണ്ടും ആവശ്യത്തിനുള്ള നിയന്ത്രണങ്ങൾ നിലവിൽ വരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമില്ലാത്ത നിയന്ത്രണങ്ങൾ നീക്കി, ആവശ്യമുള്ള നിയന്ത്രണങ്ങൾ കൊണ്ടു മാത്രം ആവശ്യത്തിന് തൊണ്ട് കിട്ടുമെന്ന് ഗവൺമെന്റിന് വിശ്വാസമുള്ളതുകൊണ്ടുമാണ് ഇത് നടപ്പിലാക്കുന്നത്. കുറെ കഴിഞ്ഞതിനുശേഷം എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാമല്ലോ.

ശ്രീ. ആർ. എസ്. ഉണ്ണി : വളരെക്കാലത്തെ പരീക്ഷണത്തിനും അനുഭവത്തിനുംശേഷമാണ് കയർ പുനഃസംഘടനാപദ്ധതികളോട് അനുബന്ധമായി ഗവൺമെന്റ് തൊണ്ട് നിയന്ത്രണ ഏർപ്പാട് സ്വീകരിച്ചിരുന്നത്. അതിന്റെ ഫലമായിട്ട് കുറെ നിയന്ത്രിച്ച്, [കമീകരിച്ച് ഈ വ്യവസായം പുനരുദ്ധരിച്ചു വരികയായിരുന്നു. ലെവി സമ്പ്രദായം ഒരു പരാജയമാണെന്ന് കയർ സഹകരണ സംഘങ്ങളുടേയും ചെറുകിട ഉൽപ്പാദകരുടേയും അനുഭവത്തിൽ നിന്നുതന്നെ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് കയർ പുനഃസംഘടനാപദ്ധതി കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി തൊണ്ടുനിയന്ത്രണ സമ്പ്രദായം ഏർപ്പെടുത്തുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : 1-9-1986 മുതൽക്കാണ് ഈ ലെവി സമ്പ്രദായം തുടങ്ങിയത്. ഈ മൂന്നുമാസത്തെ അനുഭവം വച്ചുകൊണ്ട് ഒരു സമ്പ്രദായം പരാജയപ്പെട്ടുവെന്നു പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി പറഞ്ഞതുപോലെ കുറെക്കാലത്തിനകത്താണ് തൊണ്ടുനിയന്ത്രണ ഉത്തരവ് വന്നത്. അതായത് 1978-ൽ. അതിനുശേഷം ശിവരാമൻ കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചു. ആ റിപ്പോർട്ടിനെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. ശ്രീനിവാസൻ ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നു. ശിവരാമൻ കമ്മിറ്റിയാണ് ലെവി സമ്പ്രദായം വേണമെന്ന് ആദ്യമായി നിർദ്ദേശിച്ചത്. 1980-ൽ എന്റെ ബഹുമാനപ്പെട്ട സഹപ്രവർത്തകൻ തന്നെ അംഗമായിട്ടുള്ള മന്ത്രിസഭയുടെ കാലത്ത്, അതായത് മാർച്ച് 26-ാം തീയതി, അന്നത്തെ മുഖ്യമന്ത്രിതന്നെ ലെവി സമ്പ്രദായം ഒരു പരീക്ഷണമെന്നുള്ള നിലയിൽ നടപ്പിലാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലമാണെന്ന് കേന്ദ്രവ്യവസായ വകുപ്പുമന്ത്രിയായ ശ്രീ. വെങ്കിട്ടരാമനെ അറിയിച്ചു. അതിപ്പോൾ ഇവിടെ നടപ്പിലാക്കുന്നുവെന്നേയുള്ളു. തെറ്റാണെന്നു കണ്ടാൽ അപ്പോൾ അതിനെക്കുറിച്ച് ചർച്ചചെയ്യാം.

ശ്രീ. സി. കെ. തങ്കപ്പൻ : ഞാൻ ഒരു കയർ സഹകരണ സംഘത്തിലെ ഭരണസമിതി അംഗംകൂടിയാണ്. ഇപ്പോൾ നിലവിലിരിക്കുന്ന സംഭരണ സമ്പ്രദായം സംഘങ്ങൾക്ക് തൊണ്ട് ലഭിക്കുന്നതിന് പര്യാപ്തമല്ല. അങ്ങയുടെ ലെവി സമ്പ്രദായം നാളികേരകർഷകൻ, പച്ചത്തൊണ്ട് മുതലാളി, പച്ചതൊണ്ട് അഴുക്കിവിൽക്കുന്ന ആൾ, ഇതിൽ ഏത് വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയാണ് നടപ്പിലാക്കുന്നതെന്ന് പറയാമോ ?

ശ്രീ. ഇ. അഹമ്മദ് : ഇത് തുടർച്ചയായ ഗവൺമെൻറുകളുടെ നയത്തിൻെറ ഫലമായിട്ടുള്ള ലെവി സമ്പ്രദായമാണ്. എൻെറ വ്യക്തിപരമായ ലെവി സമ്പ്രദായമല്ല. ലെവി സമ്പ്രദായപ്രകാരം അഴുക്കൽ കേന്ദ്രങ്ങളിൽ നിന്ന് അഴുക്കൽതൊണ്ടോ, പച്ചത്തൊണ്ടോ ലെവി സമ്പ്രദായത്തിൽ വാങ്ങാവുന്നതാണ്. ഈ സമ്പ്രദായം ആരംഭിച്ചത് 1-9-1986-ലാണ്. ഇതിൻെറ ഒന്നാമത്തെ ക്വാർട്ടർ അവസാനിക്കുന്നത് ഈ നവംബർമാസം മുപ്പതാം തീയതിയാണ്. ഈ മൂന്നുമാസത്തിനകമാണ് ലെവി കിട്ടേണ്ടത്. അതുകൊണ്ട് എല്ലാ സെൻറേഴ്സും രജിസ്റ്റർ ചെയ്യപ്പെടണം. രജിസ്റ്റർ ചെയ്ത ആളുകളിൽനിന്ന് അത് വാങ്ങണം. അതിനുള്ള വിശദമായ ഒരു നോട്ടിഫിക്കേഷനാണ് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ളത്.

ശ്രീ. എ. വി. താമരാക്ഷൻ : ഇപ്പോൾ സംസ്ഥാന ഗവൺമെൻറ് നടപ്പിലാക്കിയിരിക്കുന്ന ലെവി സമ്പ്രദായം ഫലപ്രദമായി തൊണ്ടു സംഭരിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടിരിക്കുന്നുവെന്നാണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളി യൂണിയനുകളും മറ്റും മുൻകൂട്ടിത്തന്നെ ഗവൺമെൻറിനെ അറിയിച്ചിട്ടുള്ളത്. ഇപ്പോഴത്തെ സംസ്ഥാന കയർ മാർക്കറ്റിംഗ് ഫെഡറേഷൻെറ പ്രസിഡണ്ടുകൂടിയായ സംസ്ഥാന ധനകാര്യവകുപ്പുമന്ത്രി തന്നെ ഇത് പരാജയമാണെന്ന് പരസ്യമായി അദ്ദേഹത്തിൻെറ അനുഭവത്തിൽക്കൂടി പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ സമ്പ്രദായം അവസാനിപ്പിച്ച് കുത്തകസംഭരണം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഇത് ഞാൻ നേരത്തെ പറഞ്ഞതാണ്. ഈ സമ്പ്രദായം നടപ്പിലാക്കിക്കഴിയുന്നതിനുമുമ്പുതന്നെ ഇത് പരാജയമാണെന്ന് പറഞ്ഞതും ആ സമ്പ്രദായത്തോട് മുൻകൂട്ടിയുള്ള ഒരു വീക്ഷണം ഉള്ളതുകൊണ്ടായിരിക്കുമെന്നാണ് തോന്നുന്നത്. അതുകൊണ്ട് അതിനെക്കുറിച്ച് ഒന്നുകൂടി പരിശോധിച്ചുനോക്കാം. മുമ്പുണ്ടായിരുന്ന സമ്പ്രദായംകൊണ്ട് പ്രയോജനമില്ലെന്ന് പ്രതിപക്ഷത്തുള്ള പല മെമ്പർമാരും ചൂണ്ടിക്കാണിച്ചിരുന്നു. ഇതൊരു ഗവൺമെൻറ് നയമാണ്, ഇതൊന്ന് നമുക്ക് പരീക്ഷിച്ചുനോക്കാം. ഈ നയം നടപ്പിലാക്കി അതിൻെറ പ്രതിഫലനം അറിയുന്നതിനു മുമ്പ് അന്തിമമായ ഒരു അഭിപ്രായം പറയുന്നത് ഒട്ടും ശരിയല്ലെന്നാണ് എൻെറ അഭിപ്രായം.

സിന്തറിക് ട്രാക്ക്

* 155. [158] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ടി. കുമാരൻ :
,, വി. കെ. രാജൻ :

LIBRARY ARCHIVES Kerala Legislative Assembly